Vol. 02
Issue No. 9
SEPTEMBER 2014

# PARISH BULLETIN

## ST. THOMAS ORTHODOX CATHEDRAL - DUBAI



for private circulation only

P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252 Email : stthomas@emirates.net.ae
www.stthomascathedraldubai.org



**Fr. Shaji Mathews**
Vicar & President

# An insight to orthodoxy

**Question:**
*Why does the Orthodox Church believe in the perpetualvirginity of Mary? Did she deprive her husband after they married? (1Cor. 7:5)*

*How is it that James was the Lord's brother? (Gal. 1:19) Did Joseph have kids from a previous marriage?*

**Answer:**
The Church has always understood that Mary was aperpetual virgin and she was always remembered as "the Virgin."

Tradition tells us that Mary had chosen to serve a life ofvirginity in order to more fully devote herself to God (1Corinthians 7:28), not unlike the prophetess Anna, a widowerwho served in perpetual prayer at the Temple (Luke 2:36.) When Mary came of age, she was betrothed to Joseph, anaged widower who understood that the marriage would notbe consummated. Because this was the understanding fromthe very beginning, and it was a practical, rather thanromantic or sexual, arrangement, it cannot be said that the blessed Virgin deprived her husband.

Tradition tells us that St. Joseph was a widower who alreadyhad several children from a previous marriage. Among these children, then, was St. James. Joseph's age explains why hewas not present for the ministry of Jesus or the life of theearly Church. St. James is called the brother of Jesus for thesame reason that Joseph was called the father of Jesus. (Luke 2:33) In the ancient world, ones legal family was considered just as much one's "real" family as was ones biological family. If Joseph, then, could be called Jesus' father, so also can James be called Jesus' brother, eventhough He shared a biological relationship with neither.

**Question:**
*How do I correctly present and explain the Holy Trinity to my non-Christian friends as one God/ three persons?*

**Answer:**
On a fundamental level, the Holy Trinity is an ineffablemystery and cannot be explained. At the same time, there are some helpful analogies that may help your friends"understand" what Orthodox Christians mean when we speakof one God in three Divine Persons.

An analogy that has often been set forth is the analogy of the sun. The actual fire of the sun is analogous to God the Father. The light is the Son and the heat is the Spirit. From the beginning of the sun's existence, it has been giving off lightand heat. One cannot identify a point in time where it did not give off light and heat. At the same time, the light and heat both find their origin in the fire of the sun. The fire, light, andheat are distinct, yet at the same time one.

It is extremely important to note that the Trinity is how God, the One, True God revealed Himself to us. God revealed Himself as the Father through Creation. He revealed Himself as the Holy Spirit when he breathed life into His Creation (in fact, the word "Spirit" and the Greek wordfor it, "Pneuma", both literally mean breath), and later at Christ's Baptism (Epiphany / Theophany) and at Pentecost, where it "breathed life" into the Church. The Church breathes with the Holy Spirit to this day.



# അമ്മ

**റവ. ഫാ. സക്കറിയ നൈനാൻ (സഖേർ)**
ബേസിൽ ദയറ, ഞാലിയാകുഴി

എന്റെ അമ്മയും സഹോദരന്മാരും ഇതാ. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. (വി. മർക്കോസ് 3:34, 35)

**അമ്മ**

സമുദ്രത്തിൽ നദികൾക്ക് പേരുകളില്ലെന്നറിയാം. സമുദ്രം നദികളിലേയ്ക്കൊഴുകില്ലെന്നും അറിയാം. എന്നാൽ പുഴകളുണ്ടാകുന്നത് കടലെരിയുന്നത് കൊണ്ടാണെന്ന് അറിഞ്ഞിരുന്നിട്ടും മറന്നുപോകുന്നു.

പറഞ്ഞാൽ തീരാത്ത വാക്കാണ് അമ്മ. ജീവിതത്തിൽ ഇനിയുമേറെ ആഴങ്ങൾ താണ്ടാനുണ്ടെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന വാക്ക്. സ്നേഹത്തിന്റെ ഒരു കടലിരമ്പം കേൾപ്പിക്കുന്ന വാക്ക്.

അമ്മയോട് പ്രാർത്ഥിക്കണമെന്ന് ഞാൻ പറയില്ല. എന്താണെന്നോ, അമ്മ മക്കൾക്കു വേണ്ടിയുള്ള ഒരു പ്രാർത്ഥന തന്നെയായതുകൊണ്ട്! ആരുമില്ലാത്തപ്പോഴും അമ്മയുണ്ടാവും എന്നുറപ്പുണ്ട്. ഒറ്റുകൊടുക്കപ്പെട്ടാലും ഭയമില്ല. നിന്ദിക്കപ്പെട്ടാലും നൊമ്പരമില്ല. കുരിശിൻ ചുവടോളം അമ്മയുണ്ടാവും കൂട്ടിന്!

സമാധാനമുണ്ടാക്കുന്നവർ കുറഞ്ഞുപോകുന്നു. അതിനാൽ ദൈവപുത്രന്മാരുടെ അമ്മമാർ ഉണ്ടാകാതെ പോകുന്നു. സ്ത്രീകൾക്ക് ഇത്രമേൽ ഭാഗ്യം കെട്ടതായി നമ്മുടെ കാലം മാറിപ്പോകുന്നതും അതുകൊണ്ടാവും!

ഉള്ളിൽ അമ്മയില്ലാതെ പോകുമ്പോഴാണ് നമ്മുടെ വിചാരങ്ങൾ വന്യമാവുക; നമ്മുടെ ചെയ്തികൾ കരുണയറ്റതാവുക; നമ്മുടെ കണ്ണുകളിൽ വാത്സല്യം നഷ്ടപ്പെടുക, നമ്മുടെ ചിരികളിൽ കാപട്യം നിറയുക, നമ്മുടെ സഹനങ്ങളിൽ പിറുപിറുപ്പുകളുണ്ടാവുക. പ്രിയ സുഹൃത്തേ, ഉള്ളിൽ അമ്മയുണ്ടാവണം. നിശ്ചയമായും ക്രിസ്തുവുണ്ടാവും ഒപ്പം! ദൈവത്തിനുപോലും അമ്മയെ ഉപേക്ഷിക്കാനാവില്ലെങ്കിൽ പിന്നെ അച്ഛനമ്മമാരെ വേണ്ടാത്ത മക്കളാവാൻ നമുക്കെന്തധികാരം?

യേശു അവരോട്: “എന്റെ അമ്മയും സഹോദരന്മാരും ആര് എന്ന് പറഞ്ഞിട്ട് ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ട്; എന്റെ അമ്മയും സഹോദരന്മാരും ഇതാ. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർതന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്ന് പറഞ്ഞു”
(വി. മർക്കോസ് 3:34, 35)



**ഒക്ടോബർ 3-ാം തീയതി നമ്മുടെ ഇടവകയിലേക്ക് എഴുന്നെള്ളുന്ന പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയ്ക്ക് സ്വാഗതം.**

**സ്ലീബാ പെരുന്നാളിനോടനുബന്ധിച്ചുള്ള വി. കുർബ്ബാന
സെപ്റ്റംബർ 14-ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മുതൽ**



# സ്ലീബാ വന്ദനവ് വിഗ്രഹാരാധനയോ?

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്**
First metropolitan of Delhi Diocese; Principal of the Orthodox Theological Seminary at Kottayam; Founder of the Delhi Orthodox Centre.

നമ്മുടെ കർത്താവ് ലോകരക്ഷയ്ക്കു വേണ്ടി സ്വയം ക്രൂശിൽ വരിച്ച് തന്നെ ത്തന്നെ പാപപരിഹാര ബലിയായി അർപ്പിച്ചു. ആ ക്രൂശിനോട് നാം ബഹുമാനം കാണിയ്ക്കുന്നത് വിഗ്രഹാരാധനയാണെന്ന് ഒരു മിത്ഥ്യാവാദം ചില അമേരിക്കൻ മതാനുയായികൾ നമ്മുടെ സഭയിലും പ്രചരിപ്പിച്ചു വരുന്നതായി കാണുന്നു.

ക്രൂശിന്റെ പശ്ചാത്തലത്തേയും സ്ലീബാ വന്ദന ശുശ്രൂഷയുടെ ആരംഭത്തേയും കുറിച്ച് ഏതാനും വാക്കുകൾ വിശ്വാസികളുടെ മുമ്പിൽ അവതരിപ്പിക്കുന്നത് അസ്ഥാനത്തായിരിക്കയില്ലല്ലോ.

ക്രൂശ് ക്രിസ്ത്യാനികളുടെ ഒരു പൊതു സംജ്ഞയായിത്തീരുന്നത് കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ മാതാവായ ഹെല്ലേനി രാജ്ഞി ക്രിസ്താബ്ദം 330–ാമാണ്ടോടടുത്ത് കാൽവറിയിലെ യഥാർത്ഥ ക്രൂശ് കണ്ടുപിടിച്ചതിനെത്തുടർന്നാണെന്നുള്ളതിന് സംശയമില്ല. ക്രിസ്താബ്ദം 350–ാമാണ്ടിൽ ഊർശ്ലേമിലെ മെത്രാപ്പോലീത്തായായിരുന്ന കൂറിലോസ് നമ്മുടെ കർത്താവിനെ ക്രൂശിച്ച യഥാർത്ഥ സ്ലീബാ ഊർശ്ലേമിൽ ഉള്ളതായും അതിന്റെ ശകലങ്ങൾ പലരും പല സ്ഥലങ്ങളിൽ കൊണ്ടുപോയിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ദിവ്യസ്ലീബായുടെ ശകലങ്ങൾ 359–ാമാണ്ടിൽ ഉത്തരാഫ്രിക്കയിലും (അൾജീറിയയിൽ) 370–ാമാണ്ടിൽ കപ്പദോക്യയിലും വന്ദിയ്ക്കപ്പെട്ടു പോന്നിരുന്നതായി രേഖകളുണ്ട്. സ്വർണ്ണനാവുകാരൻ ഈവാനിയോസ്, സ്ലീബായുടെ ശകലങ്ങൾ അന്തോഖ്യായിൽ വന്ദിയ്ക്കപ്പെട്ടു വരുന്നതായി 387–ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ക്രിസ്തുവിന്റെ ക്രൂശ് ക്രിസ്തു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയിരിയ്ക്കയാണ്. രണ്ടാമത് വരുമ്പോൾ കുരിശോടുകൂടെയായിരിക്കും പ്രത്യക്ഷപ്പെടുക.

നാലാം ശതാബ്ദത്തിൽ ഊർശ്ലേം സന്ദർശിച്ച സ്പാനിഷ് തീർത്ഥാടകയായ എഹേറിയാ ഊർശ്ലേം ദേവാലയത്തിലെ ദുഃഖവെള്ളിയാഴ്ചയിലെ ആരാധനയിൽ സ്ലീബാ വന്ദനവിന്റെ ക്രമമുള്ളതായും ആ സമയത്ത് കർത്താവിന്റെ യഥാർത്ഥ സ്ലീബായെ മുട്ടുകുത്തി വന്ദിക്കുന്നവർ അതിന്റെ ശകലങ്ങൾ കടിച്ചു വേർപെടുത്തിക്കൊണ്ടു പോകാതിരിപ്പാൻ വേണ്ടി ശെമ്മാശന്മാർ അവിടെ കാവൽ നിൽക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

നാലാം ശതാബ്ദത്തിൽ കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ സ്ലീബായുടെ അടയാളം കണ്ടതായും അതുമൂലം യുദ്ധത്തിൽ ജയം പ്രാപിച്ചതായും ഐതിഹ്യം പറയുന്നു.

അഞ്ചാം ശതാബ്ദത്തിൽ സിറിയയിൽ കുർബ്ബാനസമയത്തു ഒരു സ്ലീബാ ത്രോണോസിന്മേൽ വയ്ക്കുന്നതായി രേഖയുണ്ട്. പാശ്ചാത്യസഭയിൽ ഈ പതിവ് സിറിയയിൽ നിന്നു പകർത്തിയതാണെന്നു തോന്നുന്നു.

ആറാം ശതാബ്ദത്തിൽ പാശ്ചാത്യസഭയുടെ പല ഭാഗങ്ങളിലും സ്ലീബാ ഘോഷയാത്രയിൽ വഹിച്ചിരുന്നതായി തെളിവുണ്ട്.

എന്നാൽ കുരിശു വരയ്ക്കുന്ന പതിവ് ഇതിനൊക്കെ വളരെ മുൻപേയുള്ളതാണ്. രണ്ടാം ശതാബ്ദത്തിൽ ക്രിസ്ത്യാനികൾ കുരിശു വരയ്ക്കുക പതിവായിരുന്നു. നാലാം ശതാബ്ദത്തോടെ പരസ്യാരാധനയിൽ സ്വയം കുരിശു വരയ്ക്കുകയെന്നതു സാധാരണയായിത്തീർന്നു.

"തൂങ്ങപ്പെട്ട രൂപം" ഇല്ലാത്ത കുരിശാണ് പൊതുവെ എല്ലാവരും ഉപയോഗിച്ചിരുന്നത്. കർത്താവിന്റെ ക്രൂശിത ശരീരത്തെ ക്രൂശിൽ കാണിക്കുന്ന പതിവ് എട്ടാം ശതാ

ബ്ദത്തിനുശേഷമാണെന്നു തോന്നുന്നു പാശ്ചാത്യസഭയിൽ പോലും ആരംഭിച്ചത്. ക്രിസ്തു ക്രൂശിതനായിക്കിടക്കുകയല്ല, ഉയിർത്തെഴുന്നേറ്റു കഴിഞ്ഞു എന്നുള്ളതിന്റെ പ്രതീകമായിട്ടാണ് പൗരസ്ത്യസഭകൾ ഇപ്പോഴും "ഒഴിഞ്ഞ കുരിശ്" പള്ളിയിൽ സ്ഥാപിക്കുന്നത്. സ്ലീബാ ജയത്തിന്റെ അടയാളമാകുന്നു. ക്രിസ്തു മരണത്തെ ചവുട്ടിത്തകർത്തു പാതാളത്തെ വെന്ന് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു പിതൃസവിധത്തിൽ സർവ്വാധിപതിയായി ആരൂഢനായിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യത്തെയാണ് നാം സ്ലീബാ പ്രതീകം കൊണ്ട് അനുസ്മരിക്കുന്നത്.

സ്പാനിഷ് തീർത്ഥാടകയായ എഹേറിയായുടെ കാര്യം മുമ്പു പറഞ്ഞല്ലോ. നാലാം ശതകത്തിൽ ഊർശ്ലേം ദേവാലയത്തിലെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയുടെ ഒരു പൂർണ്ണവിവരണമാണ് ഈ ഭക്ത നമുക്ക് നൽകിയിട്ടുള്ളത്. ദുഃഖവെള്ളിയാഴ്ച രാവിലെ അടുത്തുള്ള എല്ലാ ക്രിസ്ത്യാനികളും ഗോൽഗോഥായിലെ ദേവാലയത്തിൽ വന്നുചേരുന്നു. മെത്രാപ്പോലീത്താ സഭാ മദ്ധ്യത്തിൽ ഗുരുപീഠത്തിൽ ആരൂഢനായിരിക്കുന്നു. ശെമ്മാശന്മാർ ചുറ്റും നിൽക്കുന്നു. ബിഷപ്പിന്റെ മുമ്പിൽ വെള്ളവിരിച്ച ഒരു മേശയിന്മേൽ യഥാർത്ഥ സ്ലീബാ വച്ചിരിക്കുന്നു (അതിന്റെ ഒരു ഭാഗം മാത്രമേ അവശേഷിച്ചിട്ടുള്ളു. ബാക്കിയൊക്കെ പടിഞ്ഞാറൻ രാജ്യങ്ങളിലോട്ട് പോയിക്കഴിഞ്ഞെന്നു തോന്നുന്നു). മെത്രാപ്പോലീത്താ സ്ലീബായുടെ ഒരറ്റത്ത് ഉറപ്പിച്ചുപിടിച്ചിരിക്കുന്നു. പള്ളിയിലുള്ള ഓരോരുത്തരും വന്ന് സ്ലീബായെ വന്ദിച്ചിട്ടു കടന്നുപോകുന്നു.

ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ പതിവ് എല്ലാ പള്ളികളിലും പരന്നു. ഇത് വിഗ്രഹാരാധനയായിരിയ്ക്കാമെന്ന ഒരു സംശയമേ അന്നവർക്കാർക്കും തോന്നിയില്ല. ദൈവത്തിന്റെ സ്ഥാനത്തല്ല അവർ സ്ലീബായെ വന്ദിച്ചിരുന്നത്. എന്നാൽ സ്ലീബായാൽ മനുഷ്യവർഗ്ഗത്തിന് രക്ഷയുണ്ടായി എന്നുള്ളതുകൊണ്ട് ആ സ്ലീബായിൽ ക്രൂശിതനായി നമ്മെ രക്ഷിച്ച കർത്താവിന്റെ രക്ഷാപ്രവൃത്തിയെയാണ് നാം വന്ദിയ്ക്കുന്നത്.

ഏഴാം ശതാബ്ദത്തിന്റെ അവസാനത്തിലാണ് രണ്ടാം കല്പനയുടെ അജ്ഞാനമായി സ്ലീബാ വന്ദനവിനെ കരുതുവാനുള്ള ശ്രമം ഗ്രീക്കുസഭയിലും കത്തോലിക്കാസഭയിലും ഉണ്ടായത്. എന്നാൽ അവർ നിഖ്യായിൽ കൂടിയ രണ്ടാം സുന്നഹദോസിൽ (അവരുടെ കണക്കനുസരിച്ച് ഏഴാമത്തെ സാർവത്രിക സുന്നഹദോസ് നിഖ്യാ 747 എ.ഡി.) സ്ലീബായുടെയും ഐക്കോണുകളുടെയും ആരാധന ദൈവത്തിനു നൽകുന്ന ആരാധനയാണെന്നും അതിൽ തെറ്റൊന്നുമില്ലെന്നു മാത്രമല്ല യഥാർത്ഥ ക്രിസ്തീയ ആരാധനയ്ക്കു സ്ലീബായുടെയും പരിശുദ്ധന്മാരുടെയും രൂപങ്ങൾക്ക് നൽകുന്ന വന്ദനവ് (ആരാധനയല്ല) സഹായകവും അത്യന്താപേക്ഷിതവുമാണെന്നും തീരുമാനിച്ചു.

വിഗ്രഹാരാധനയെന്നു പറയുന്നത് സൃഷ്ടിയിലുള്ള എന്തിനെയെങ്കിലും സ്രഷ്ടാവായിക്കരുതി ആരാധിക്കുന്നതിനെയാണ്. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെയല്ലാതെ സൃഷ്ടിയിലുള്ള മറ്റു യാതൊന്നിനെയും നമുക്ക് ദൈവമായി ആരാധിപ്പാൻ സാദ്ധ്യമല്ല. എന്നാൽ കർത്താവിന്റെ ക്രൂശും കബറിടവും ഒക്കെ നമ്മുടെ രക്ഷയ്ക്കായി കർത്താവ് നിർവ്വഹിച്ച പ്രവർത്തിയുടെ അവിഭാജ്യ ഘടകങ്ങളായതു കൊണ്ട് അവയ്ക്ക് നാം നൽകുന്ന വന്ദനവ് ക്രിസ്തുവിന്റെ രക്ഷാപ്രവർത്തനത്തിനു നാം നൽകുന്ന വന്ദനവാണ്. ക്രൂശിനെ വന്ദിക്കുന്നതിൽ ആരാധനയുണ്ടെങ്കിൽ ആ ആരാധന ക്രൂശിനല്ല ക്രൂശിതനായ ക്രിസ്തുവിനാണ് നൽകപ്പെടുന്നത്. പരിശുദ്ധന്മാരെ വന്ദിക്കുന്നതിലും അടങ്ങിയിട്ടുള്ളത് അവരിൽകൂടെ കാണപ്പെടുന്ന ദൈവത്വത്തെയുള്ള വന്ദനയാണ്. പരിശുദ്ധ പിതാക്കന്മാർ ദൈവവാഹികളായിരുന്നതുകൊണ്ടാണ് അവരെയും അവരുടെ ചിത്രങ്ങളെയും നാം വന്ദിക്കുന്നത്.

ആരാധന എപ്പോഴും പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന ഏക ദൈവത്തിനാണ് സമർപ്പിയ്ക്കപ്പെടുന്നത്. എന്നാൽ വന്ദനവ് ദൈവ സിംഹാസനമായ ത്രോണോസിനും രക്ഷായുധമായ സ്ലീബായ്ക്കും ദൈവബന്ധമുള്ള മറ്റു പല തിനോടുമാകാം.

## H.G. Alvares Mar Julius



Born on 29th April 1836 in the region of Goa, currently a State of Indian Republic, H.G. Alvares Mar Julius was ordained as a Priest of Catholic Order in 1869. As a priest and a staunch freedom fighter of Goa, the eminent personality, Fr. Alvares, served in his land for spiritual and social upliftment of his countrymen for a span of eighteen years during 1869-1887. His philanthropy, patriotism and yearning for freedom from foreign Portuguese yoke, journalistic acumen and his aristocratic birth had won a good number of followers for him in Goa and South Canara. Due to the political and religious constraints of that time in his own region, Fr. Alvares left Goa in 1887, geographically rerouted his mission area and started to concentrate his social and spiritual activities among his folks in Brahmawar. [Brahmawar is a place situated in South Canara near Udippi, which is currently in the Karnataka State of India.

After a while of landing to Malankara in 1887, Parumala Mar Gregorios Metropolitan of Malankara Orthodox Church ordained Fr. Alvares to the monastic order of Ramban. On 29 July 1889, Ramban Alvares was consecrated as a Metropolitan with title Alvares Mar Julius at the Old Seminary, Kottayam by Malankara Metropolitan Pulikkottil Mar Joseph Dionysius II and St. Geevarghese Mar Gregorios (Parumala Thirumeni, the first canonized Saint of Malankara). The newly consecrated Metropolitan Mar Julius was appointed as the Archbishop of India and Ceylon for the diocesan area of outside Kerala of the Malankara Orthodox Church.



## Dr. Philipose Mar Theophilus

We are commemorating the 16th Death Anniversary of late lamented Dr. Philipose Mar Theophilus on September 28th, who was the former metropolitan of Bombay and Ankamaly dioceses and served as the President of MGOCSM for more than 30 years. His Grace was known as the Foreign Minster or Ambasidor of Malankara Church, and served our church in different capabilities such as Old Seminary Principal, Inter church relation committee chairman of our church etc. . . His Grace was man of definite vision, mission and commitment and helped our Church become the present status.

## ജന്മദിനാശംസകൾ



64-ാ മത് ജന്മദിനമാഘോഷിച്ച
മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ
പ. ബസേലിയോസ് മാർത്തോമ്മ
പൗലോസ് ദ്വിതീയൻ കാതോലിക്കാ
ബാവയ്ക്ക്
ദുബായ് സെന്റ് തോമസ്
ഓർത്തഡോക്സ് കത്തീഡ്രലിന്റെ
ജന്മദിനാശംസകൾ.

**ആഗസ്റ്റ് മാസത്തിൽ ഇടവക തലത്തിൽ നടത്തിയ പ്രധാന പരിപാടികൾ.....**

### കൊയ്ത്ത് മഹോത്സവം 2014

ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൊയത്ത് മഹോത്സവത്തിന്റെ വരവ് അറിയിച്ചുകൊണ്ട് ലോഗോ പ്രകാശനം ആഗസ്റ്റ് മാസം 15-ാം തീയതി വി. കുർബ്ബാനയ്ക്കു ശേഷം നിർവഹിച്ചു. ഇത്തവണ ഒട്ടനവധി പുതുമകളുമായാണ് കൊയ്ത്തുമഹോത്സവം അരങ്ങേറുന്നത്. 15 അംഗങ്ങൾ ഉൾപ്പെടുന്ന വിപുലമായ കമ്മിറ്റി കൊയത്ത് മഹോത്സവത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

### ദേശസ്നേഹത്തിന്റെ സ്മരണകൾ പുതുക്കി ഇൻഡ്യയുടെ 68-ാം സ്വാതന്ത്ര്യ ദിനം ഇടവക തലത്തിൽ

ഇൻഡ്യയുടെ 68-ാം സ്വാതന്ത്ര്യ ദിനത്തിന്റെ സ്മരണകൾ പുതുക്കി ഇടവക വികാരി റവ. ഫാ. ഷാജി മാത്യൂസ് ഇൻഡ്യൻ ദേശീയ പതാക ഉയർത്തി. തദവസരത്തിൽ ഇടവക സഹ വികാരി റവ. ഫാ. ലെനി ചാക്കോ, ഇടവക ട്രസ്റ്റി ശ്രീ. സുനിൽ സി. ബേബി, സെക്രട്ടറി ശ്രീ. തോമസ് കെ. മോനിച്ചൻ, ജോ. സെക്രട്ടറി ശ്രീ. കുര്യൻ ഫിലിപ്പ്, കമ്മിറ്റി അംഗങ്ങൾ, ഇടവകാംഗങ്ങൾ, എന്നിവർ സന്നിഹിതരായിരുന്നു.

ഇടവക വികാരി ആശംസകൾ നേരുന്നതോടൊപ്പം ദേശത്തിന്റെ അഭിവൃദ്ധിക്കും, ശാന്തിക്കും, സമാധാനത്തിനും, ദേശത്തെ നയിക്കുന്നവർക്കും വേണ്ടി പ്രത്യേകാൽ പ്രാർത്ഥനയും നടത്തപ്പെട്ടു.

### 15 നോമ്പ്

വി. ദൈവമാതാവിന്റെ നാമത്തിലുള്ള 15 നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെയുള്ള തീയതികളിൽ ഇടവക കൊണ്ടാടി. ഈ ദിവസങ്ങളിൽ വൈകിട്ട് 7 മണിക്ക് സന്ധ്യാനമസ്കാരവും തുടർന്ന് വി. മാതാവിന്റെ നാമത്തിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. ശൂനോയോ പെരുന്നാളിനോട് അനുബന്ധിച്ച് ആഗസ്റ്റ് 15-ാം തീയതി വെള്ളിയാഴ്ച വി. കുർബ്ബാനയും, മദ്ധ്യസ്ഥപ്രാർത്ഥനയും, ആശിർവാദവും, നേർച്ചവിളമ്പും ഉണ്ടായിരുന്നു. ശൂനോയോ പെരുന്നാൾ ശ്രുശ്രൂഷകൾക്ക് ഇടവക വികാരി റവ. ഫാ. ഷാജി മാത്യൂസ്, ഇടവക സഹ വികാരി റവ. ഫാ. ലെനി ചാക്കോ എന്നിവർ നേതൃത്വം നൽകി.

### വേദപുസ്തക വായനാചരണം

വി. വേദപുസ്തക പാരായണം ജൂലൈ 15 മുതൽ ആഗസ്റ്റ് മാസം 15-ാം തീയതി വരെ ഇടവക പ്രാർത്ഥനകളുടേയും, ഇടവക സൺഡേസ്കൂൾ, ആത്മീയ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ നടത്തി. വേദപുസ്തകപാരായണം പ്രാർത്ഥനയോടുകൂടി ജൂലൈ 15-ാം തീയതി തുടക്കം കുറിക്കുകയും ആഗസ്റ്റ് 14-ാം തീയതി വി. മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുശേഷം ബൈബിൾ പാരായണത്തോടുകൂടി സമാപിക്കുകയും ചെയ്തു. ഉല്പത്തി മുതൽ വെളിപാടുവരെയുള്ള 66 അദ്ധ്യായങ്ങൾ രണ്ടുതവണ വായിച്ച് പൂർത്തീകരിച്ചു.

സന്ധ്യയുടെ യാമങ്ങളിൽ അനുഗ്രഹ പൂർണ്ണമായ വേദപുസ്തക വായനാചരണത്തിൽ അനവധി അംഗങ്ങൾ കുടുംബമായി വന്ന് പങ്കുചേർന്നു.

**മധുര സ്മരണകളുണർത്തിക്കൊണ്ട് ഒരിക്കൽ കൂടി
ഓണം വന്നണഞ്ഞിരിക്കുന്നു.
എവർക്കും ഐശ്വര്യവും സമാധാനവും നിറഞ്ഞ
പൊന്നോണം ആശംസിക്കുന്നു.**

## ആഗസ്റ്റ് മാസത്തിൽ ഇടവക തലത്തിൽ നടത്തിയ പ്രധാന പരിപാടികൾ.....

### ലോഗോ പ്രകാശനം






### ശൂനോയോ പെരുന്നാൾ



## ആഗസ്റ്റ് മാസത്തിൽ ഇടവക തലത്തിൽ നടത്തിയ പ്രധാന പരിപാടികൾ.....

### വേനൽശിബിരം 2014







## NEW MEMBERS JOINED IN AUGUST 2014

| NAME | CARDEX | AREA | HOME PARISH |
|---|---|---|---|
| PAUL JOSHUA MATHEW | P161 | RASIHDIA | MAR GREGORIOUS ORTHODOX MAHA IDAVAKA, MUSCAT |
| ROY THOMAS | R285 | AL QUASAIS | ST. GEORGE ORTHODOX CHURCH, PATTAZHI, KOLLAM |
| VARGHESE P NINAN | V273 | KARAMA | ST. MARYS ORTHODOX CATHEDRA, PUTHIYAKAVU, MAVILIKARA |
| RINU THOMAS RAJAN | R286 | SATWA | ST. IGNATIUS ORTHODX MAHA EDAVAKA KAIPATHOOR, PTA |
| EBY ABRAHAM | E44 | AL SHAAB | ST. GREGORIOUS ORTHODOX CHURCH, MATHIRAMPALLY |
| PRAMOD KURIAN | P162 | YOUSEF BAKER ROAD | ST. PAULS ORTHODOX CHURCH, KOLLAD, KOTTAYAM |
| SAJI THEKKADATHU IYPE | S582 | OTHER EMIRATES | MAR LAZARUS ORTHODOX CHURCH, PATTANAPURAM |
| JOSHIN JOSEPH | J632 | BUR DUBAI | ST. MARYS ORTHODOX CHURCH, ALENCHERY |
| JAMES JOSEPH | J633 | PORT SAYED | ST. MARYS ORTHODOX CHURCH, ALENCHERY |
| AJU KURIAN THYKADAVIL | A354 | AL QUASAIS | ST. GEORGE ORTHODOX CAHTEDRA, CALICUT |
| SAJU GEORGE | S583 | OTHER EMIRATES | ST. PETERS AND ST PAULS, KOLENCHERY |
| LEEJO THOMAS GEORGE | L068 | OTHER EMIRATES | ST. PETERS AND ST PAULS, KOLENCHERY |
| RENJI VARGHESE MATHEW | R287 | RASIHDIA | ST. MARYS ORTHODOX CHURCH, KANAM, KOTTAYAM |
| JACOB VARGHESE | J634 | AL QUASAIS | ST. GEORGE ORTHODOX CHURCH, VENGAL |
| DENNY JOHN CHENNATTU | D077 | OTHER EMIRATES | BETHEL MAR GREGORIOUS ARAMANA CHURCH, CHENGANNUR |
| MANU RAJU | M369 | PORT SAYED | ST. GEORGE ORTHODOX ARAMANA PALLI, PARANTHAL |

## HOLY SERVICES, PRAYERS & MEETINGS

| | | |
|---|---|---|
| Fridays | : 06.45 am - 07.25 am | Night Prayer, Morning Prayer |
| | : 08.15 am - 10.30 am | Holy Qurbana |
| Fridays | : 07.00 pm - 07.30 pm | Evening Prayer |
| | : 07.30 pm - 09.00 pm | Holy Qurbana |
| Sundays | : 07.30 pm - 08.00 pm | Evening Prayer |
| | : 08.00 pm - 09.30 pm | Holy Qurbana |
| Tuesdays | : 05.30 am - 07.00 am | Holy Qurbana |
| Wednesdays | : 07.30 pm - 08.30 pm | Evening Prayer & Intercessory Prayer for St. Mary |
| Saturday, Monday, Tuesday | : 07.00 pm - 07.30 pm | Evening Prayer |
| Thursdays | : 07.00 pm - 09.15 pm | Holy Confession, Evening Prayer<br>Intercessory prayer to St. Thomas<br>Church Prayer Meeting & Choir Practice |
| Sunday School | : 10.45 am - 12.10 pm | All Fridays |
| Marth Mariam Samajam | : 11.00 am - 12.20 pm | All Fridays |
| M.G.O.C.S.M | : 11.00 am - 12.20 pm | All Fridays |
| Youth Movement | : 11.00 am - 12.20 pm | All Fridays |

## SUNDAY SCHOOL

Re-opens after Summer Vacation on 5th September
Regular Class from 10.30 am to 12.30 pm
Parents' Contact Session on 12th September
(As part of 40th Year of Celebration)

## ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT

Regular Meeting (10.45 am to 12.00 pm)

**Divyabodhanam Class** - Every Monday 8 pm to 9.30 pm (To increase general awareness of the Bible, Church History & Basic Believes of the Malankara Orthodox Sabha.)

**OCYM Job Cell** - Highly active Job Cell that matches job seekers with employers from a wide range of sectors. (More Informations Contact Co-ordinator, Mr. Shiju Thankachan : 052 6901433)

Email : ocymdubai@gmail.com Website: www.stthomasocymdubai.org
Job Cell : jobcellocymdubai@gmail.com
More Informations Contact: Secretary Mr. Anto Abraham : 055 5468982

**Malayalam Class** re-starting from 13th Sept, Time : 4.30pm to 6.30pm

**Library** - Library opens every Friday after the holy mass. Morethan 10,000 collection of books in various topics. Especially the books available for children. Library membership will be available for all the church members.

## MGOCSM

12th sept - common class for sunday school students
Regular Meeting (10.45 am to 12.00 pm)

## MOMS

| | |
|---|---|
| 12/09/2014 | Nasrani Adukkala - Food Sale for Charity |
| 19/09/2014 | Regular meeting & Malankara Sabha charithra padanam |
| 26/09/2014 | Marthmariyam Smruthi held in Abu Dhabi St. George Orthodox Cathedral |



# AREA PRAYER MEETING SCHEDULE FOR THE MONTH OF SEPTEMBER- 2014

| DAY & DATE | WEEK | AREA | NAME | CARDEX | ADRRESS |
|---|---|---|---|---|---|
| 08-09-2014 MONDAY | SECOND | AL GHUSAIS AL NAHDA | Samuel T. Varghese | S-109 | Flat No. 504, Al Adil Trading Bldg, Opposite Mai Tower, Al Nadha1, Dubai |
| 13-09-2014 SATURDAY | SECOND | BUR DUBAI | George Mathews | G-220 | Apt. 401, Bafta Plaza, Golden Sands Area, Bh. Spinney's, Mankool, Bur Dubai |
| 13-09-2014 SATURDAY | SECOND | JABEL ALI AL QUOZ | Binu Yohannan | B-156 | Room No. 204, F4 Block, Bh. Al Khail Mall Al Quoz, Dubai |
| 15-09-2014 | THIRD | RASHIDIYA LULU VILLAGE | Philip Philips | P-008 | National Bond Bldg, Flat No. 708 (Eat & Drink Rest. Bldg), Near Madina Mall, Muhasina 4 |
| 16-09-2014 TUESDAY | THIRD | KARAMA | Johnson D.Y. | J-227 | Flat No. 120, Zabeel Bldg. Entrance 4 & 5 Opp. Baby Shop, Karama |
| 20-09-2014 SATURDAY | THIRD | YUSUF BAKER/ FRIJ MURAR/ NAIF ROAD | Abi Paulose | A-140 | Flat No. 204, Abna Karim Bldg., Nr. Nakheel Center, Yousef Baker Road, Deira, Dubai |
| 20-09-2014 SATURDAY | THIIRD | SHARJAH | Binil M. Skariah | B-165 | Tiger Bldg., Flat A-312, Al Musalla, Sharjah |
| 22-09-2014 MONDAY | FOURTH | MUHAISNAH LULU VILLAGE | Anish Varghese | A-038 | Flat 502, Bldg. B, Dubai Air Wing Apartment, Near Our own boys high school, Al Warqaa |
| 27-09-2014 SATURDAY | FOURTH | SHARJAH AL NAHDA | Binny Mathew | B-087 | Flat No. 705, Al Rajhi Sadi Bldg, Opp. Al Taawun Mall, Next Mini Market |
| 27-09-2014 SATURDAY | FOURTH | SATWA | Varghese Daniel | V-087 | Flat No. 301, Reem Residence Bldg., Last Corner from Sea Rack Show Room, Opp. Oasis Gym, Karama |
| 30-09-2014 TUESDAY | FIFTH | KARAMA | Saji Thomas Daniel | S-189 | Flat No. 301, 463 Wasal Bldg, Near Karama Hotel |

**SONAPUR PRAYER MEETING - EVERY FRIDAY EVENING AT EVERHOT CAMP@17 : 00 - 19 : 00 HRS**

## SPECIAL DAYS & EVENTS

02-09-2014 Commemoration of His Grace Yuyakim Mar Kurilos Metropolitan (Mulunthuruthy Church)
08-09-2014 Feast of the Birth of St. Mary. The mother of God
09-09-2014 Feast of Youyakim And Hanna
14-09-2014 Holy Cross
23-09-2014 Commemoration of H.G. Alvarez Mar Julius Metropolitan
24-09-2014 Feast of St. Dimeth
28-09-2014 Commemoration of H.G. Philipose Mar Theophilos Metropolitan

## CHURCH OFFICE BEARERS - 2014

| | | | |
|---|---|---|---|
| Rev. Fr. Shaji Mathews | *Vicar & President* | 052 8711031 | frshajimathews@yahoo.co.in |
| Rev. Fr. Lany Chacko | *Asst. Vicar* | 050 8379905 | frlanychacko@gmail.com |
| Sunil C. Baby | *Trustee* | 050 6588970 | sunilcbaby@gmail.com |
| Thomas K. Monichan | *Secretary* | 050 6742773 | thomas.monichan@alfuttaim.ae |
| Mathai Chacko | *Jt. Trustee* | 050 6542260 | mathaiem@eim.ae |
| Kurian Philip | *Jt. Secretary* | 050 5259310 | kurianphilipdxb@gmail.com |

Layout & Design - Reji Maramon AL HADYAH-SHJ